നം : F3/16207/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 22.06.2017

# പരിപത്രം

വിഷയം :- സാമൂഹ്യനീതി വകുപ്പ് - അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസ ധനസഹായം നൽകുന്ന 'അഭയകിരണം' പദ്ധതി - സംബന്ധിച്ച്

സൂചന :- 24.5.17ലെ സാമൂഹ്യനീതി (എ) വകുപ്പിലെ സ.ഉ(സാധാ)നം.294/2017/ സാ.നീ.വ. നമ്പർ കത്ത്

സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം അഭയസ്ഥാനമില്ലാത്ത വിധവകൾക്ക് അഭയവും ചുറ്റുപാടും നൽകുന്ന കുടുംബത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തിയ്ക്ക് പ്രതിമാസം 1,000/-രൂപ ധനസഹായം ലഭ്യമാക്കുന്ന 'അഭയകിരണം' പദ്ധതിയ്ക്ക് സൂചന പ്രകാരം പ്രാരംഭ ഘട്ടത്തിൽ 200 പേർക്ക് 1000/-രൂപ നിരക്കിൽ 6 മാസത്തേയ്ക്ക് ചെലവഴിക്കുന്നതിനുള്ള ഫണ്ടും ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്.

ജില്ലാസാമൂഹ്യനീതി ഓഫീസർമാർ ചുവടെ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതും വിധവകളുടേയും സംരക്ഷകരുടേയും പേരിൽ തുടങ്ങുന്ന സംയുക്ത അക്കൗണ്ടിലേയ്ക്ക് തുക കൈമാറേണ്ടതാണ്.

- ഗുണഭോക്താവായി തെരഞ്ഞെടുക്കുന്ന അഗതികളായ വിധവകൾക്ക് 50 വയസ്സിന് മുകളിൽ പ്രായമുണ്ടായിരിക്കണം. വയസ്സ് തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഇലക്ഷൻ ഐഡി കാർഡ്, ആധാർ കാർഡ് എന്നിവയിലേതിന്റെയെങ്കിലും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.

- വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. (റേഷൻ കാർഡിന്റെ പകർപ്പ്/വില്ലേജ് ഓഫീസിൽ നിന്നും വാങ്ങിയിട്ടുള്ള വരുമാനസർട്ടിഫിക്കറ്റ്/ബി.പി.എൽ സർട്ടിഫിക്കറ്റ് എന്നിവയിലേതിന്റെയെങ്കിലും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം)

- സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ എന്നിവ കൈപ്പറ്റുന്നവരാകരുത്

- വിധവയ്ക്ക് പ്രായപൂർത്തിയായവരും തൊഴിൽ ചെയ്യുന്നവരുമായ മക്കൾ ഉണ്ടായിരിക്കാൻ പാടില്ല.

- സാമൂഹ്യനീതി വകുപ്പ് നൽകി വരുന്ന മറ്റ് ധനസഹായം (ആശ്വാസകിരണം, സമാശ്വാസം) ലഭിക്കുന്നവർ ആയിരിക്കുവാൻ പാടില്ല

- ടിയാൻ ബന്ധുവിന്റെ പരിചരണത്തിൽ കഴിയുന്ന വ്യക്തിയാണെന്നും വിധവയാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധി/വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം

Aj.

- ടിയാനെ ഏതെങ്കിലും സ്ഥാപനത്തിൽ അന്തേവാസിയായി പാർപ്പിച്ചിരിയ്ക്കുകയല്ല എന്ന് സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

മേൽ പരാമർശിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ഉള്ള വിധവകൾക്ക് അഭയസ്ഥാനവും സംരക്ഷണവും നൽകുന്ന കുടുംബനാഥൻ/കുടുംബനാഥയ്ക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരിയ്ക്കും.

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ഠ ഫോറത്തിൽ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഐ.സി.ഡി.എസ് ഓഫീസർമാർ മുഖേന അപേക്ഷകൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മമായി പരിശോധിച്ച് പരിഗണനാർഹമാണെന്ന് ഉറപ്പാക്കിയശേഷം ആയത് ലിസ്റ്റാക്കി ഫണ്ടിനായി ഡയറക്ടർക്ക് നൽകേണ്ടതാണ്. അപേക്ഷാഫോറത്തിന്റെ മാതൃക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്കും

എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്കും

പകർപ്പ് :
1. ഡയറക്ടറുടെ സി.എ.
2. അഡീഷണൽ ഡയറക്ടറുടെ സി.എ.
3. കരുതൽ ഫയൽ

Aj.

## 'അഭയകിരണം' - അപേക്ഷാ ഫാറം

## അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസ ധനസഹായം നൽകുന്നതിനുള്ള അപേക്ഷ

1. വിധവയെ സംരക്ഷിക്കുന്ന ബന്ധുവായ ഗൃഹനാഥൻ/ഗൃഹനാഥയുടെ പേര്, മേൽവിലാസം, പിൻകോഡ്, ഫോൺ നമ്പർ -

2. വിധവയുടെ പേര്, ജനനതീയതി, വയസ്സ് -

3. അപേക്ഷകന്റെ/സംരക്ഷകന്റെ വാർഷിക വരുമാനം -

4. വിധവയുമായുള്ള അപേക്ഷകന്റെ (സംരക്ഷകൻ/സംരക്ഷക) ബന്ധം -

5. വിധവയ്ക്ക് മകളുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ -

6. വിധവയുടേയും സംരക്ഷകന്റെ/സംരക്ഷകയുടെ സംയുക്ത ബാങ്ക് അക്കൗണ്ട് നമ്പർ, IFSC code, ബ്രാഞ്ച് എന്നിവയുടെ വിവരങ്ങൾ -

7. വിധവ ഏത് ഐ.സി.ഡി.എസ്.ന്റെ പരിധിയിൽപ്പെടുന്നു -

സ്ഥലം :
തീയതി :

സംരക്ഷകന്റെ/സംരക്ഷകയുടെ :
ഒപ്പ്, പേര്

Aj.

## ശിശുവികസനപദ്ധതി ഓഫീസറുടെ സാക്ഷ്യപത്രം

മേൽ സൂചിപ്പിച്ച അപേക്ഷക / അപേക്ഷകന്റെ സംരക്ഷണയിലാണ് ........................................................ എന്ന വിധവ കഴിയുന്നതെന്നും ടിയാളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയാണെന്നും വിധവകൾക്ക് പ്രായപൂർത്തിയായ മക്കൾ ഇല്ലെന്നും, ടിയാൻ കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും യാതൊരുവിധ സാമ്പത്തിക ആനുകൂല്യങ്ങളും കൈപ്പറ്റുന്നില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തീയതി :

ശിശുവികസനപദ്ധതി ഓഫീസറുടെ പേര്
ഒപ്പ്

(സീൽ)

## ജില്ലാസാമൂഹ്യനീതി ഓഫീസറുടെ ശുപാർശ

............................................ എന്നയാൾ ........................................ എന്ന വിധവയെ സംരക്ഷിക്കുന്നയാളാണെന്ന് ബോദ്ധ്യപ്പെട്ടിരിയ്ക്കുന്നതിനാൽ ടിയാന്റെ അപേക്ഷ അഭയകിരണം പദ്ധതിയ്ക്ക് ശുപാർശ ചെയ്തുകൊള്ളുന്നു.

തീയതി :

ജില്ലാസാമൂഹ്യനീതി ഓഫീസറുടെ പേര്, ഒപ്പ്

(ഓഫീസ് സീൽ)

---

കുറിപ്പ് : ഒരു ലക്ഷം രൂപയിലധികം വാർഷികവരുമാനമുള്ള വിധവയുടെ സംരക്ഷകൻ/ സംരക്ഷകർ ഈ പദ്ധതിയ്ക്ക് അർഹരല്ല.

Aj.